LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

36 (1410) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) 1. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിലാവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക. പട്ടികജാതി/പട്ടികവർഗ്ഗ/മൽസ്യത്തൊഴിലാളി, മറ്റ് ദുർബ്ബല ജനവിഭാഗങ്ങളെ പൂർണ്ണമായും പദ്ധതിയിൽ ഉൾച്ചേർക്കുക

2. ദുർബ്ബല ജനവിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിലേക്കായി വിവിധ പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് ഉപജീവനാസ്തികളും സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുക.

3. മെറ്റീരിയൽ ഘടകം പൂർണ്ണമായും പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കുകവഴി മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിച്ചുകൊണ്ട് കാർഷിക/അനുബന്ധ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പരിസ്ഥിതി തകർച്ച തടയുകയും ചെയ്യുക.

(സി) അനുബന്ധമായി * ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.